വിൽപന നികുതിവകുപ്പിൽ നേരിട്ടുള്ള നിയമനം

891 [1647] ശ്രീ. എൻ. പി. മൊയ്തീൻ:
,, സ്റ്റീഫൻ പാദുവ:
,, കെ. പി. നൂറുദ്ദീൻ:
,, പി. കെ. വേലായുധൻ:
,, വി. എം. സുധീരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപന നികുതിവകുപ്പിൽ ഏതെല്ലാം തസ്തികകളിലേക്കാണ് നേരിട്ടുള്ള നിയമനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ഇതു സംബന്ധിച്ച് ആ വകുപ്പിലെ ജീവനക്കാരുടെ സംഘടനയുടെ നിലപാട് എന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷികാദായ വിൽപന നികുതിവകുപ്പിൽ അസിസ്റ്റന്റ് സെയിൽസ്ടാക്സ് ഓഫീസർ, സെയിൽസ്ടാക്സ് ഓഫീസർ എന്നീ തസ്തികകളിലേക്കാണ് നേരിട്ടുള്ള നിയമനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) നേരിട്ടുള്ള നിയമനം അവസാനിപ്പിക്കണമെന്ന നിലപാടാണ് പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ സംഘടനകൾക്കുള്ളത്.

നെയ്യാറിൻകര റെയിൽവേ സ്റ്റേഷനിൽ കൂടുതൽ സൗകര്യങ്ങൾ

892 [1648] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര റെയിൽവേ സ്റ്റേഷനിൽ വേണ്ട സൗകര്യങ്ങളില്ലാത്തതുകൊണ്ട് യാത്രക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ കൂടുതൽ ദൂരം പ്ലാറ്റ്ഫോം കവറിംഗ് ഉണ്ടാക്കണമെന്ന ആവശ്യം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുമോ;

(സി) സ്റ്റേഷനിലേക്കുള്ള അപ്രോച്ച് റോഡ് മെച്ചപ്പെടുത്തുക, പ്ലാറ്റ്ഫോമിൽ യാത്രക്കാർക്കു കൂടുതൽ ബഞ്ചുകൾ അനുവദിക്കുക, ആർ. എം. എസ്. സൗകര്യം ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ പരിഹരിച്ചുകിട്ടാൻ റെയിൽവേ അധികൃതരോട് ആവശ്യപ്പെടുമോ;

(ഡി) കെ. കെ. എക്സ്പ്രസ് പോലെയുള്ള എക്സ്പ്രസ് ട്രെയിനുകൾ കന്യാകുമാരിയിലേക്കു നീട്ടുമ്പോൾ നെയ്യാറിൻകരയിലും അവ നിറുത്തുവാൻ സംവിധാനം ഉണ്ടാക്കണമെന്നു റെയിൽവേ ബോർഡിനോടു ആവശ്യപ്പെടുമോ?

ഉത്തരം

(എ, ബി, സി, ഡി) ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly